പന്ത്രണ്ടാം കേരള നിയമസഭ
ബിൽ നമ്പർ 241

# 2008-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 241

# 2008-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

1091/2008.

# 2008-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 6-ഉം 7-ഉം വകുപ്പുകൾ 2008 ആഗസ്റ്റ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിലെ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (ii)-ാം ഇനത്തിൽ, "അന്തർദേശീയ" എന്ന വാക്കിനു പകരം "അന്തർദേശീയ അല്ലെങ്കിൽ ദേശീയ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, (എച്ച്) ഇനത്തിൽ,—

(എ) "തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും" എന്ന വാക്കുകൾക്കു പകരം "അംഗങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) "അന്തർദേശീയ" എന്ന വാക്കിനു പകരം "അന്തർദേശീയ അല്ലെങ്കിൽ ദേശീയ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (ബി) ഖണ്ഡത്തിന്റെ (iv)-ാം ഇനത്തിൽ "അന്തർദേശീയ" എന്ന വാക്കിനു പകരം "അന്തർദേശീയ അല്ലെങ്കിൽ ദേശീയ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

1091/2008.

5. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കളക്ടറുടെ" എന്ന വാക്കുകൾക്കു പകരം "സെക്ഷൻ ആഫീസറുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 47 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 47എ വകുപ്പിൽ, "രണ്ട് വർഷക്കാലത്തേക്കോ" എന്ന വാക്കുകൾക്കു പകരം "മൂന്ന് വർഷക്കാലത്തേക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. സാധൂകരിക്കൽ.—പ്രധാന ആക്റ്റിലോ തൽസമയം പ്രബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കു മുമ്പ് പ്രധാന ആക്റ്റിലെ 47എ വകുപ്പ് പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത് ഗസറ്റ് വിജ്ഞാപനം വഴി രൂപീകരിച്ച സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടേയും, 2008 ആഗസ്റ്റ് 17-ാം തീയതി അവസാനിച്ച കാലാവധി, ഈ ആക്റ്റ്മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 47എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും അതനുസരിച്ച്, പ്രധാന ആക്റ്റിനാലോ അതിൻകീഴിലോ നൽകപ്പെട്ടതായി കരുതപ്പെടുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലേക്ക് പ്രസ്തുത കൗൺസിലുകൾ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ പ്രസ്തുത കൗൺസിലുകളുടെ കാലാവധി അവസാനിച്ചു എന്ന കാരണത്താൽ മാത്രം അസാധുവായിത്തീരുന്നുവെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടാൻ പാടുള്ളതല്ല.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2008-ലെ 38) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ അതതു സംഗതിപോലെ ഈ അക്റ്റ്മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് 47എ വകുപ്പ് പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെയും കാലാവധി, 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതിയായ 2006 ആഗസ്റ്റ് 18-ാം തീയതി മുതൽ രണ്ടു വർഷമായിരുന്നു. അതനുസരിച്ച് പ്രസ്തുത കൗൺസിലുകളുടെ കാലാവധി 2008 ആഗസ്റ്റ് 17-ാം തീയതി അവസാനിക്കുകയുണ്ടായി. പ്രധാന ആക്റ്റിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം തെരഞ്ഞെടുപ്പിലൂടെ കൗൺസിലുകൾ രൂപീകരിക്കുന്ന പ്രക്രിയ നടന്നുവരുന്നുണ്ടെങ്കിലും പൂർത്തീകരണത്തിന് കൂടുതൽ സമയം ആവശ്യമായിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള കൗൺസിലുകളിൽ ഭരണ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിലേക്ക് ആക്റ്റിന്റെ 47എ വകുപ്പ് പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത് ഗസറ്റ് വിജ്ഞാപനം വഴി രൂപീകരിച്ച സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ

സ്പോർട്ട്സ് കൗൺസിലുകളുടേയും കാലാവധി ഒരു വർഷക്കാലത്തേക്കുകൂടി ദീർഘിപ്പിക്കപ്പെടുന്നതിനും പ്രസ്തുത കൗൺസിലുകളുടെ 2008 ആഗസ്റ്റ് 17-ാം തീയതി അവസാനിച്ച കാലാവധി, ഭേദഗതി ചെയ്ത് 47എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്നതിനും അതനുസരിച്ച് പ്രധാന ആക്റ്റിനാലോ ആക്റ്റിൻകീഴിലോ നൽകപ്പെട്ട അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലേക്ക് പ്രസ്തുത കൗൺസിലുകൾ ചെയ്തതോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ നടപടികൾ സാധൂകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുവാൻ തീരുമാനിച്ചു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2008-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ്, 2008 സെപ്റ്റംബർ 26-ാം തീയതിയിൽ ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2008 സെപ്റ്റംബർ 29-ാം തീയതിയിലെ 2127-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008-ലെ 38-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേക്കും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിലേക്കും നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളിൽ ദേശീയനിലവാരത്തിലുള്ള സ്പോർട്ട്സ് വിദഗ്ദ്ധരായ അംഗങ്ങളെക്കൂടി പരിഗണിക്കുന്നതിനും സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്നവരിൽ ദേശീയനിലവാരമുള്ള സ്പോർട്ട്സ് വിദഗ്ദ്ധനായ ഒരംഗത്തെക്കൂടി പരിഗണിക്കുന്നതിനും ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിസ്ഥാനത്തേക്ക് ഡെപ്യൂട്ടി കളക്ടർക്ക് പകരം സെക്ഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിന് 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് (2001-ലെ 2) ഉചിതമായി ഭേദഗതി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എം. വിജയകുമാർ

## 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് (2001-ലെ 2)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

3. കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ രൂപീകരണവും ഘടനയും.—

(1) ** **

(2) ** ** **

(3) കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

** ** **

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,—

(i) ** ** **

(ii) അന്തർദേശീയ നിലവാരമുള്ള, രണ്ട് സ്പോർട്ട്സ് വിദഗ്ദ്ധർ—അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് ;

** ** **

6. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി.—(1) ** **

** ** **

(എച്ച്) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിലുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ ; അവരിലൊരാൾ ജില്ലാ സ്പോർട്ട്സ് കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ പ്രതിനിധീകരിക്കുന്ന അംഗവും, ഒരാൾ അന്തർദേശീയ നിലവാരമുള്ള സ്പോർട്ട്സ് വിദഗ്ദ്ധനായ അംഗവും, ആയിരിക്കേണ്ടതാണ്.

** ** **

9. ജില്ലാ സ്പോർട്ട്സ് കൗൺസിൽ.—(1) ** ** **

(2) ** ** **

(3) ഓരോ ജില്ലാ സ്പോർട്ട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

** ** **

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ** ** **

(ബി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ,—

(i) ** ** **

(ii) ** ** **

(iii) ** ** **

(iv) അന്തർദേശീയ നിലവാരത്തിൽ സ്പോർട്ട്സിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദഗ്ദ്ധരായ രണ്ടുപേർ—അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

** ** **

14. ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി.—(1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി, സർക്കാർ സർവ്വീസിൽ ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ, ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറിയായി ജില്ലാ സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ് നിയമിക്കേണ്ടതാണ്.

** ** **

47എ. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലും, ജില്ലാ സ്പോർട്ട്സ് കൗൺസിലിലും നാമനിർദ്ദേശത്തിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ് നിലവിൽ വരുന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തേക്കോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങളുടെ രൂപവൽക്കരണം നടക്കുന്നതുവരേയോ, ഇവയിലേതാണോ ആദ്യം, അതുവരെ, സംസ്ഥാന സ്പോർട്ട്സ് കൗൺസിലും, ജില്ലാ സ്പോർട്ട്സ് കൗൺസിലും നാമനിർദ്ദേശം മുഖേന, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി രൂപവൽക്കരിക്കാവുന്നതാണ്.

** ** **